File No.DT/40153/2018-G1

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ:DT/40153/2018-G1 തീയതി: 08/08/2019

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -പരീക്ഷാവിഭാഗം -അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019 (വാർഷിക സമ്പ്രദായം) – റദ്ദ് ചെയ്ത ഒന്നാം വർഷ വർക്ക്ഷോപ്പ് കാൽകുലേഷൻ & സയൻസ് പരീക്ഷയുടെ പുതുക്കിയ തിയതി അറിയിക്കുന്നത് – സംബന്ധിച്ച്

സൂചന:- ഡി ജി ടി യിൽ നിന്നുള്ള 07/08/2019 ലെ ഇ മെയിൽ സന്ദേശം

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019 (വാർഷിക സമ്പ്രദായം)- 02-08-2019 ന ഉച്ചക്ക് ശേഷം നടന്ന ഒരു വർഷ മെട്രിക് ട്രേഡിന്റെ വർക്ക്ഷോപ്പ് കാൽകുലേഷൻ & സയൻസ് വിഷയത്തിന്റെ സംസ്ഥാനമൊട്ടാകെ നടന്ന പരീക്ഷയും, 02/08/2019 ന് രാവിലെ പാറശാല ഗവ: (വനിത) ഐ ടി ഐ (സെന്റർ നം. KL 104) യിൽ വച്ച് നടന്ന രണ്ട് വർഷ മെട്രിക് ട്രേഡിന്റെ ഒന്നാം വർഷത്തിന്റെ വർക്ക്ഷോപ്പ് കാൽകുലേഷൻ & സയൻസ് വിഷയത്തിന്റെ പരീക്ഷയും സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്യ്തിട്ടുണ്ട്. ആയതിനാൽ ടി പരീക്ഷകൾ 14/08/2019 ന യഥാക്രമം ഉച്ചയ്ക്കും രാവിലെയും അതാത് പരീക്ഷാകേന്ദ്രത്തിൽ വെച്ച് വീണ്ടും നടത്തുന്നതാണ്. ഇതിനായി മുൻപ് അനുവദിച്ച ഹാൾടിക്കറ്റുമായി ട്രെയിനികൾ ഹാജരാകേണ്ടതാണ്. ടി വിവരം എല്ലാ ട്രെയിനികളെയും അറിയിക്കേണ്ടതും, നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതും ദൃശ്യ,പത്രമാധ്യമങ്ങളിൽ പരസ്യം നൽകേണ്ടതുമാണ്. ബന്ധപ്പെട്ട എല്ലാ ട്രെയിനികളെയും ടി വിവരം അറിയിച്ചിട്ടുണ്ടെന്ന് എല്ലാ പ്രിൻസിപ്പൾമാരും ഉറപ്പ് വരുത്തേണ്ടതാണ്. ടി വിവരം ട്രെയിനികളെ അറിയിക്കുന്നതിൽ വീഴ്ചയുണ്ടായാൽ അതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാളിന് ആയിരിക്കും.

ADDITIONAL DIRECTOR
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ സ്ഥാപനമേധാവികൾക്കും( സർക്കാർ / പ്രൈവറ്റ് ഐ ടി ഐ പ്രിൻസിപ്പൽ , ട്രെയിനിംഗ് ഓഫീസർ ആർ ഐ സെന്റർ )
എല്ലാ ഐ ടി മാർക്കും (തുടർ നടപടി സ്വീകരിക്കാൻ )
ജോയിന്റ് ഡയറക്ടർ. ആർ.ഡി.റ്റി കണ്ണൂർ